# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24-09-2024**

## പ്രധാനവാർത്തകൾ

1). മൂന്ന് ദിവസത്തെ യു.എസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലേക്ക് തിരിച്ചു.

2). കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് വിദേശ കമ്പനികൾക്ക് സർവീസ് നടത്താനുള്ള പോയിന്റ് ഓഫ് കോൾ പദവി വൈകാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

3). രോഗാതുരത കുറഞ്ഞ സമൂഹമായി കേരളത്തെ മാറ്റുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് ആയിരം യോഗാ ക്ലബുകൾ ആരംഭിക്കുമെന്നും മന്ത്രി.

4). കുട്ടികളുടെ അവകാശ സംരക്ഷണത്തിന് മാധ്യമ ഇടപെലുകൾ ആവശ്യമെന്ന് മന്ത്രി ജി.ആർ അനിൽ.

5). എം-പോക്സിന്റെ പുതിയ വകഭേദമായ ക്ലേഡ് 1 ബി രാജ്യത്ത് ആദ്യമായി മലപ്പുറത്ത് റിപ്പോർട്ട് ചെയ്തു. സംസ്ഥാനം അതീവ ജാഗ്രതയിൽ.

6). സൂപ്പർ ലീഗ് കേരള ഫുട്ബോളിന്റെ നാലാം റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

*************************************************************************************************************

RNUTVPM

**രാഷ്ട്രപതി**

രാജ്യത്തിൻറെ  പൊതു ധനകാര്യത്തിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിൽ  സി.എ.ജി സുപ്രധാന പങ്ക് വഹിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിൽ 16-ാമത് ഏഷ്യൻ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻ അസംബ്ലിയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.  ഭരണഘടനാ നിർമ്മാതാക്കളുടെ ചിന്തകൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ രാജ്യത്തെ സിഎജി കൾക്ക് സാധിച്ചതായും ശ്രീമതി മുർമ്മു പറഞ്ഞു.

*****************************************************************************

**പ്രധാനമന്ത്രി - യു.എസ്**

മൂന്ന് ദിവസത്തെ  യു.എസ്  സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി  ഇന്ത്യയിലേക്ക് തിരിച്ചു. വിൽമിംഗ്ടണിൽ  നാലാമത് ക്വാഡ് ഉച്ചകോടിയിൽ പങ്കെടുത്ത പ്രധാനമന്ത്രി വിവിധ രാഷ്ട്ര നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി സംവദിച്ചു.  ഇന്നലെ ഐക്യരാഷ്ട്ര പൊതുസഭയിൽ നടന്ന ഉച്ചകോടിയെയും അദ്ദേഹം അഭിസംബോധന ചെയ്തു. ആഗോള നന്മയ്ക്കായി ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പങ്കിടാൻ ഇന്ത്യ തയ്യാറാണെന്ന് പ്രധാനമന്ത്രി ഉച്ചകോടിയിൽ വ്യക്തമാക്കി. ആഗോള സംഘടനകളിൽ പരിഷ്ക്കാരങ്ങൾ വേണമെന്നും ശ്രീ മോദി പറഞ്ഞു.

*****************************************************************************

RNU TVPM

**<u>മുഖ്യമന്ത്രി - കണ്ണൂർ</u>**

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് വിദേശ കമ്പനികൾക്ക് സർവീസ് നടത്താനുള്ള പോയിൻ്റ് ഓഫ് കോൾ പദവി താമസിയാതെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്ന തെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . പ്രധാനമന്ത്രിയുമായി ഈ വിഷയം ചർച്ചചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു കിയാലിൻ്റെ വാർഷിക പൊതുയോഗ ത്തിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

***************************************************************************************

**<u>വീണാ ജോർജ് - കോട്ടയം</u>**

രോഗാതുരത കുറഞ്ഞ സമൂഹമായി കേരളത്തെ മാറ്റുകയെന്നതാണ് സർക്കാരിൻ്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് . ജീവിതശൈലീ രോഗങ്ങളാണ് ആരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രശ്നമെന്നും ഇത് പരിഹരിക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. ആയുഷ് കേന്ദ്രങ്ങളെ ജില്ലാ മെഡിക്കൽ കോളജുകളാക്കാനും ശ്രമം നടക്കുന്നു. ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു. സംസ്ഥാനത്ത് ആയിരം യോഗാ ക്ലബുകൾ ആരംഭിക്കുമെന്ന് കോട്ടയം വാഴൂർ ആയുർവേദ ആശുപത്രിയുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞു.

RNU TVPM

***************************************************************************************

## ജി.ആർ അനിൽ

കുട്ടികളുടെ അവകാശ സംരക്ഷണത്തിന് മാധ്യമ ഇടപെലുകൾ ആവശ്യമാണെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു.ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ബാലാവകാശ കമ്മീഷനും യൂണിസെഫും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

*************************************************************************************

## എംപോക്സ്- (ഇൻട്രോ)

എം-പോക്സിൻ്റെ പുതിയ വകഭേദമായ ക്ലേഡ് 1 ബി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തു. യു.എ.ഇ യിൽ നിന്ന് കഴിഞ്ഞയാഴ്ച കേരളത്തിൽ എത്തി മലപ്പുറത്ത് ചികിത്സയിലുള്ള യുവാവിൽ ഈ വകഭേദം കണ്ടെത്തിയതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു....

(വോയിസ്......)

RNU TVPM

*************************************************************************************

## ആലപ്പുഴ - എംപോക്സ്

എംപോക്സ് ലക്ഷണങ്ങളോടെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡിൽ നിരീക്ഷണത്തിലായിരുന്ന ആളുടെ പരിശോധന ഫലം നെഗറ്റീവാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.ആലപ്പുഴ വൈറോളജി

ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ രണ്ടു പരിശോധനയിലും രോഗമില്ലെന്നാണ് കണ്ടെത്തൽ.ബഹറിനിൽ നിന്ന് ഒരാഴ്ച മുമ്പ് എത്തിയ ആളാണ് ചികിത്സയിൽ ഉള്ളത്.

****************************************************************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

****************************************************************************************

**സൂപ്പർലീഗ് കേരള**

സൂപ്പർ ലീഗ് കേരള ഫുട്ബോളിൻറെ നാലാം റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 7.30-ന് കാലിക്കറ്റ് എഫ്.സി തൃശൂർ മാജിക് എഫ്.സി യെ നേരിടും.

RNU TVPM

****************************************************************************************

**പോഷൺ മാ -(ഇൻട്രോ)**

കേന്ദ്രസർക്കാരിൻറെ പോഷൺ അഭിയാൻറെ ഭാഗമായി സംഘടിപ്പിക്കുന്ന പോഷൺ മാസാചരണം രാജ്യത്ത് സജീവമായി പുരോഗമിക്കുന്നു. സെപ്റ്റംബർ ഒന്ന് മുതൽ മുപ്പതു വരെയാണ് മാസാചരണം. സംസ്ഥാനത്ത് അങ്കണവാടികളും ആരോഗ്യസ്ഥാപനങ്ങളും കേന്ദ്രീകരിച്ച് വിവിധ പരിപാടികൾ നടക്കുന്നുണ്ട്. പെൺകുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും വിളർച്ച ഒഴിക്കാനും പോഷകസമൃദ്ധമായ ആഹാരം ശീലമാക്കേണ്ടതുണ്ടെന്ന് പോഷകാഹാര വിദഗ്ധ ശുഭശ്രീ പ്രശാന്ത് ആകാശവാണി വാർത്തകളോട് പറഞ്ഞു..

(വോയിസ്........... )

****************************************************************************************

**സിദ്ദിഖിന് ജാമ്യമില്ല**

യുവനടിയെ പീഡിപ്പിച്ചെന്ന കേസിൽ അമ്മ മുൻ ജനറൽ സെക്രട്ടറിയും നടനുമായ സിദ്ദിഖിൻറെ ജാമ്യഹർജി തള്ളി ഹൈക്കോടതി. ജസ്റ്റിസ് സി എസ് ഡയസ് അധ്യക്ഷനായ സിംഗിൾ ബെഞ്ചിൻറേതാണ് ഉത്തരവ്. ഇതോടെ കേസിൽ അറസ്റ്റ് ഉടൻ ഉണ്ടായേക്കുമെന്നാണ് സൂചന. മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി നേരത്തെ വാദം കേട്ടിരുന്നെങ്കിലും വിധി പറയുന്നത് മാറ്റിവെക്കുകയായിരുന്നു.

*********************************************************************************************

**മുകേഷ് - ചോദ്യം ചെയ്യൽ**

പീഡന കേസിൽ അന്വേഷണ സംഘത്തിന് മുന്നിൽ ചോദ്യം ചെയ്യലിന് ഹാജരായി നടനും എം.എൽ.എ യുമായ മുകേഷ്. ഇന്ന് രാവിലെ അഭിഭാഷകനൊപ്പമാണ് മുകേഷ് കൊച്ചിയിൽ എ.ഐ.ജി- ജി.പൂങ്കുഴലിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായത്. സിനിമയിൽ അവസരവും സിനിമ സംഘടനയിൽ അംഗത്വവും വാഗ്ദാനം ചെയ്ത് പീഡനം നടത്തിയെന്ന നടിയുടെ പരാതിയിലാണ് ചോദ്യം ചെയ്യൽ. മരട് പൊലീസാണ് കേസ് റജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസിൽ മുകേഷിന് സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

RNUTVPM

*********************************************************************************************

**ഷിരൂർ**

മണ്ണിടിച്ചിലിനെ തുടർന്ന് തെരച്ചിൽ നടക്കുന്ന ഷിരൂർ ഉൾപ്പെടുന്ന ഉത്തര കന്നഡ ജില്ലയിൽ ഇന്ന് ചുവപ്പ് ജാഗ്രത. കാലാവസ്ഥ കൂടി പരിഗണിച്ച് മാത്രമേ അർജുനെ കണ്ടത്താൻ ഇന്ന് തെരച്ചിൽ

നടത്തു എന്ന് അധികൃതർ അറിയിച്ചു. ഗംഗാവലി പുഴയുടെ തീരമേഖലയിൽ അടക്കം അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

**************************************************************************************

**മോദി സർക്കാർ - 100 ദിനം**

തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലെത്തിയ നരേന്ദ്രമോദി സർക്കാർ 100 ദിനം പൂർത്തിയാക്കി. അടിസ്ഥാന സൗകര്യം, സാമൂഹ്യക്ഷേമം, കർഷകർ, മധ്യവർഗ്ഗക്കാർ, സ്ത്രീകൾ, യുവജനങ്ങൾ എന്നിവർക്കായി ഇതിനകം 15 ലക്ഷം കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്ക്കരിച്ചത്. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് പ്രത്യേകിച്ചും ഗ്രാമങ്ങളിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള സ്ത്രീകൾക്കായി പദ്ധതികൾ നടപ്പാക്കി വരുന്നു. 2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുകയാണ് ലക്ഷ്യം.

RNU TVPM

**************************************************************************************

**നെഹ്റു ട്രോഫി പവലിയൻ**

ആലപ്പുഴ നെഹ്റു ട്രോഫി വള്ളം കളി കാണാനുള്ള പവലിയനുകളുടെ നിർമാണം അന്തിമഘട്ടത്തിൽ. നെഹ്റു പവലിയനിലെ പന്തൽ നിർമാണം നാളെ പൂർത്തിയാകുമെന്ന് ജില്ല കളക്ടർ പറഞ്ഞു. നെഹ്റു പവലിയന് മുകളിലുള്ള ഷീറ്റ് മാറ്റുന്ന ജോലികൾ പൂർത്തിയായി. പവലിയനിൽ പത്തോളം ബയോ ടോയ്ലറ്റുകൾ സ്ഥാപിക്കും. മാദ്ധ്യമ പ്രവർത്തകർക്കും വിവിധ നിരക്കിലെ ടിക്കറ്റുകാർക്കുമുള്ള ഇരിപ്പിട സൗകര്യം തുടങ്ങിയവ ഇന്നലെ ജില്ല കളക്ടർ വിലയിരുത്തി.

**************************************************************************************

**മനുഷ്യാവകാശ കമ്മീഷൻ-കോഴിക്കോട്**

മിഠായി പദ്ധതി വഴി ലഭിച്ചു കൊണ്ടിരുന്ന ഇൻസുലിൻ, സ്ട്രിപ്പ് തുടങ്ങിയവ കഴിഞ്ഞ രണ്ട് മാസമായി സൗജന്യമായി ലഭിക്കുന്നില്ലെന്ന പരാതിയെ കുറിച്ച് അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. കോഴിക്കോട്ടെ മിഠായി ക്ലിനിക്കിനെതിരെയാണ് പരാതി. ദൃശ്യമാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

RNU TVPM

************************************************************

**അന്തരിച്ചു**

സിനിമാ പ്രൊഡക്ഷൻ കൺട്രോളർ ഷാനു ഇസ്മൈലിനെ കൊച്ചിയിലെ ഹോട്ടലിൽ മരിച്ച നിലയിൽ കണ്ടെത്തി. ഈ മാസം 11-നാണ് ഷാനു ഹോട്ടലിൽ മുറിയെടുത്തത്. ഇയാൾക്കെതിരെ തിരുവനന്തപുരം സ്വദേശിയായ നടി പീഡന പരാതി നൽകിയിരുന്നു.

************************************************************

**മാലിന്യം - കണ്ണൂർ**

ലോറികളിൽ മാലിന്യം കൊണ്ടുവന്ന് ചെങ്കൽ ക്വാറികളിൽ തള്ളുന്നുവെന്ന പരാതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ കണ്ണൂർ ജില്ലാ കലക്ടർ നിർദേശം നൽകി. മാലിന്യം തള്ളുന്ന ക്വാറികളിൽ കർശനമായ നിരീക്ഷണം ഏർപ്പെടുത്തും. ഒക്ടോബർ രണ്ടിന് തുടങ്ങുന്ന മാലിന്യ മുക്തം നവകേരളം

ജനകീയ കാമ്പയിനിന്റെ ജില്ലാ തല നിർവാഹക സമിതി യോഗത്തിലാണ് കലക്ടർ നിർദേശം നൽകിയത്.

*****************************************************************************

## <u>ഇ കെ വൈ സി അപ്ഡേഷൻ</u>

കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലെ മഞ്ഞ, പിങ്ക് റേഷൻ കാർഡുടമകൾക്ക് നാളെ മുതൽ ഒക്ടോബർ 1 വരെ ഇ കെ വൈ സി അപ്ഡേഷൻ നടത്താം. ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവ സഹിതം റേഷൻ കടകളിൽ നേരിട്ടെത്തി അപ്ഡേഷൻ നടത്താനാകും. മുൻപ് അപ്ഡേഷൻ ചെയ്തവരും ആഗസ്റ്റിൽ റേഷൻ വാങ്ങാൻ നേരിട്ടെത്തി ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് റേഷൻ വാങ്ങിയ ഗുണഭോക്താക്കളും അപ്ഡേഷൻ നടത്തേണ്ടതില്ല.

RNU TVPM

*****************************************************************************

*****************************************************************************

*****************************************************************************